**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1403** **14-03-2022 - ൽ മറുപടിയ്ക്ക്**

**ചുമട്ടുതൊഴിൽ മേഖല**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം.കെ . മുനീർ | | null<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ചുമട്ടുതൊഴിൽ മേഖലയിൽ പണിയെടുക്കുന്നവർക്ക് തലച്ചുമടിന് പകരം ബദൽ മാർഗ്ഗം ഏർപ്പെടുത്തണമെന്ന നിർദ്ദേശം ഹൈക്കോടതിയിൽ നിന്നുണ്ടായിട്ടുണ്ടോ; | (എ) | ബഹു. ഹൈക്കോടതി മുമ്പാകെ ശ്രീ. ടി.കെ. സുന്ദരേശൻ "അശ്വതി", ശിവൻ കോവിൽ റോഡ്, പുനലൂർ ഫയൽ ചെയ്ത WP(C) No. 17866/2021 കേസിലെ 20.12.2021 തീയതിയിലെ വിധിന്യായത്തിൽ ചുമട്ടുതൊഴിൽ മേഖലയെ നവീകരിക്കുന്നതിനുള്ള മാർഗ്ഗങ്ങളും പദ്ധതികളും കൂടാതെ ചുമട്ടുതൊഴിലാളികളുടെ ശാരീരിക അധ്വാനം കൊണ്ടുള്ള പ്രയാസം സാദ്ധ്യമായ പരിധിവരെ കുറയ്ക്കുന്നതിനും ഭാവിയിലെ കയറ്റിറക്ക് ജോലികളിൽ സജ്ജരാക്കുന്നതിന് വേണ്ടുന്ന പരിശീലനം നല്കുന്നതിനും സാങ്കേതിക യന്ത്ര സഹായത്തോടെയുള്ള രീതികൾ ആസൂത്രണം ചെയ്യുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത മേഖലയെ നവീകരിക്കുന്നതിന് നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | (ബി) | ഉണ്ട്. ചുമട്ടുതൊഴിൽ മേഖലയെ നവീകരിക്കുന്നതിന്റെ ഭാഗമായി ബന്ധപ്പെട്ട നിയമങ്ങൾ, ചട്ടങ്ങൾ, പദ്ധതി എന്നിവയിൽ ആവശ്യമായ ഭേദഗതി കൊണ്ടുവരുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ